For Private Circulation Only

May 2017

# ആഗമനദൂതൻ

HOLY BIBLE

Vol.64

No.5

"ദൈവം നമ്മോടു കൃപ ചെയ്തു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. അവൻ തന്റെ മുഖത്തെ നമ്മുടെമേൽ പ്രകാശിപ്പിക്കുമാറാകട്ടെ " (സങ്കീ. 67:1)

## ദിവ്യസന്ദർശനങ്ങൾ മനുഷ്യന്റെ ശ്രേഷ്ഠകരമായ പ്രത്യാശ

By Richard Owen Roberts

കഴിഞ്ഞ കുറെ നാളുകളായി ഞാൻ "സന്ദർശിക്കുക", 'സന്ദർശനം' എന്ന വിഷയത്തെ സംബന്ധിച്ച് വേദപുസ്തകത്തിലുള്ള പരാമർശങ്ങളെയും അവയുടെ അർത്ഥത്തെയും സംബന്ധിച്ച് പഠനം നടത്തുകയായിരുന്നു. എന്നെ അതിശയിപ്പിക്കുകയും അതേ സമയം ദുഃഖിപ്പിക്കുകയും ചെയ്യുന്ന തരത്തിലുള്ള അർത്ഥമാണ് എനിക്ക് ലഭിച്ചത്. അതായത് ന്യായവിധി, അഥവാ ശിക്ഷയുടെ ദിവസമാണ് അത് എന്ന് മനസിലായി. എന്നാൽ ദൈവം തന്റെ ജനത്തെ സന്ദർശിച്ച് അനുഗ്രഹിക്കുന്ന സാധാകാത്മകമായ സന്ദർശനങ്ങളും വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

അവന്റെ അപ്പനായ സെഖര്യാവ് പരിശുദ്ധാത്മാവ് നിറഞ്ഞവനായി പ്രവചിച്ചു പറഞ്ഞത്: "യിസ്രായേലിന്റെ ദൈവമായ കർത്താവ് വാഴ്ത്തപ്പെട്ടവൻ. അവൻ തന്റെ ജനത്തെ സന്ദർശിച്ച് ഉദ്ധാരണം ചെയ്യുകയും ആദിമുതൽ തന്റെ വിശുദ്ധപ്രവാചകന്മാർ മുഖാന്തരം അരുളിചെയ്തതുപോലെ നമ്മുടെ ശത്രുക്കളുടെ വശത്തുനിന്നും നമ്മെ പകെക്കുന്ന ഏവരുടെയും കയ്യിൽ നിന്നും നമ്മെ രക്ഷിപ്പാൻ തന്റെ ദാസനായ ദാവീദിന്റെ ഗൃഹത്തിൽ നമുക്കു രക്ഷയുടെ കൊമ്പ് ഉയർത്തുകയും ചെയ്തിരിക്കുന്നത്, നമ്മുടെ പിതാക്കന്മാരോട് കരുണ പ്രവർത്തിക്കേണ്ടതിനും നമ്മുടെ ശത്രുക്കളുടെ കയ്യിൽ നിന്നും രക്ഷിക്കപ്പെട്ട് നാം ആയുഷ്ക്കാലം ഒക്കെയും ഭയം കൂടാതെ തിരുമുമ്പിൽ വിശുദ്ധിയിലും നീതിയിലും തന്നെ ആരാധിപ്പാൻ നമുക്ക് കൃപ നൽകുമെന്ന് അവൻ നമ്മുടെ പിതാവായ അബ്രഹാമിനോട് ചെയ്ത സത്യവും തന്റെ വിശുദ്ധ നിയമവും ഓർത്തതു കൊണ്ടും ആകുന്നു".

നീയോ പൈതലേ അത്യുന്നതന്റെ പ്രവാചകൻ എന്ന് വിളിക്കപ്പെടും. കർത്താവിന്റെ വഴി ഒരുക്കുവാനും നമ്മുടെ ദൈവത്തിന്റെ ആർദ്ര കരുണയാൽ അവന്റെ ജനത്തിനു പാപമോചനത്തിൽ രക്ഷാ പരിജ്ഞാനം കൊടുപ്പാനുമായി നീ അവനു മുമ്പായി നടക്കും. ഇരുളിലും മരണ നിഴലിലും ഇരിക്കുന്നവർക്കു പ്രകാശിച്ചു നമ്മുടെ കാലുകളെ സമാധാനമാർഗ്ഗത്തിൽ നടത്തേണ്ടതിന് ആ ആർദ്ര കരുണയാൽ ഉയരത്തിൽ നിന്നും ഉദയം നമ്മെ സന്ദർശിച്ചിരിക്കുന്നു" (ലൂക്കൊ. 1:67-79).

സെഖര്യാവ് എഴുതുന്ന ഈ പാട്ടിന് വളരെ നീളത്തിലുള്ള രണ്ട് അടികളാണുള്ളത്. 67-ാം വാക്യത്തിൽ തുടങ്ങി 69 വരെ അവസാനിക്കുന്ന ഈ വേദഭാഗത്തിൽ ദീർഘമായ രണ്ട് വാചകങ്ങളാണുള്ളത്. ഈ പാട്ടിന്റെ ആദ്യത്തെ അടിയിൽ കാണുന്നത് രക്ഷയുടെ കൊമ്പായി വെളിപ്പെടുന്ന ദൈവത്തിനുള്ള സ്തുതിയും മഹത്വവും സെഖര്യാവ് കൊടുകുകയാണ്. 76 മുതൽ 79 വരെയുള്ള രണ്ടാമത്തെ വരിയിൽ കാണുന്നത്. ദൈവത്തിന്റെ വേലയ്ക്ക് പ്രയോജനപ്പെടേണ്ടതായ തന്റെ പൈതലിനെക്കുറിച്ചുള്ള സന്തോഷവും ദൈവത്തിനുള്ള നന്ദിയും രേഖപ്പെടുത്തുകയും ദൈവത്തിന്റെ സന്ദർശനത്തെ മനോഹരമായ വാക്കുകളാൽ വർണ്ണിക്കുകയുമാണ് ചെയ്യുന്നത്. ആർദ്ര കരുണയാൽ ഉയരത്തിൽ നിന്നും ഉദയം നമ്മെ സന്ദർശിച്ചിരിക്കുന്നു.

### രക്ഷയുടെ കൊമ്പ്

68-ാം വാക്യത്തിൽ സെഖര്യാവ് ഇങ്ങനെ സംസാരിക്കുന്നു. യിസ്രായേലിന്റെ ദൈവമായ കർത്താവ് വാഴ്ത്തപ്പെട്ടവൻ, അവൻ തന്റെ ജനത്തെ സന്ദർശിച്ച് ഉദ്ധാരണം ചെയ്കയും ഈ വേദഭാഗത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ, എപ്പോഴാണ് ഈ പാട്ട് പ്രത്യക്ഷമായത്, 8-ാം ദിവസം യോഹന്നാൻ സ്നാപകനെ പരിച്ഛേദന ഏല്പിക്കുവാൻ കൊണ്ടു വന്നപ്പോഴാണ് ഇത് സംഭവിച്ചത്. ഈ പ്രവചനം വളരെ വ്യക്തമായി സ്ഥാപിക്കുന്നത്, ദൈവത്തിന്റെ സന്ദർശനം ആരംഭിച്ചു എന്നാണ്. ഈ സന്ദർഭത്തിൽ യേശു ജനിച്ചിട്ടില്ല ക്രിസ്തീയ പ്രസംഗങ്ങളോ പഠിപ്പിക്കലുകളോ ആരംഭിച്ചിട്ടില്ല, ക്രൂശോ കല്ലറയോ ഉയിർപ്പോ ഉണ്ടായിട്ടില്ല. എന്നാൽ മറിയ യേശുവിനെ ഗർഭം ധരിച്ചിരുന്നു എന്നതിനാൽ ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടിയുള്ള ദൈവത്തിന്റെ പദ്ധതി പൂർത്തീകരിച്ചിരുന്നു എന്ന് കാണാം.

കർത്താവ് തന്റെ ജനത്തെ അവർ ആയിരിക്കുന്ന നിലയിലല്ല കാണുന്നത് പ്രത്യുത അവർ എന്തായിത്തീരും എന്നറികയും അഥവാ അവർ എല്ലാവരും തന്റെ ശക്തിക്കും സ്വാധീനത്തിനും കീഴിൽ ആയിത്തീരും എന്ന് അറിയുകയാണ് ചെയ്യുന്നത്. അതാണ് സെഖര്യാവ് ഇവിടെ ചെയ്യുന്നത്. മറിയ ഗർഭിണിയായിരിക്കുന്നു. അതുകൊണ്ട് ദൈവം ഒരുക്കിയ രക്ഷയുടെ പദ്ധതിയെ പ്രസിദ്ധമാക്കുവാൻ തക്കവണ്ണം ദൈവം മനുഷ്യനുവേണ്ടിയുള്ള തന്റെ പദ്ധതി അത്ഭുതകരമായി പൂർത്തീകരിച്ചിരിക്കുകയാണ്.

(ശേഷം 5-ാംപേജിൽ)

# ഉണർവിലേയ്ക്കുള്ള വിശാലവീഥി

By Martyn Lioyod- Jones

വേദഭാഗം

പുറ. 32:20–34:9

ഒരു പ്രശ്നം നമുക്ക് ഭാരമായി മാറുന്നു. പുറ. 32:30,30:6.

ഉണർവ്വിന്റെ ഒന്നാമത്തെ പടി എന്നത് ആത്മികനായ ഒരുവൻ നന്നായി ജീവിച്ച് മറ്റുള്ളവരുടെ പ്രശ്നങ്ങളുമായി ഇഴുകിച്ചേരുക എന്നതാണ്. മോശെ പാപം ചെയ്യുന്നില്ല. എന്നാൽ മോശെ ജനത്തിന്റെ പ്രശ്നങ്ങളിൽ ഇടപെട്ട് അവർക്കുവേണ്ടി മദ്ധ്യസ്ഥതയണച്ച് ഇടിവിൽ നിന്ന് പറയുന്നത്, "എങ്കിലും നീ അവരുടെ പാപം ക്ഷമിക്കേണമേ; അല്ലെങ്കിൽ നീ എഴുതിയ നിന്റെ പുസ്തകത്തിൽ നിന്നും എന്റെ പേർ മായിച്ചു കളയേണമേ" (പുറ. 32:32). മോശയുടെ വാക്കുകൾ പൗലൊസിന്റെ വാക്കുകളെ ഓർമ്മപ്പെടുത്തുന്നു. തന്റെ സ്വന്തജാതിക്കാരായ യഹൂദജനം സുവിശേഷത്തെ ഉപേക്ഷിക്കുമ്പോൾ പൗലൊസ് പറയുന്നത് ജഡപ്രകാരം "എന്റെ ചാർച്ചക്കാരായ എന്റെ സഹോദരന്മാർക്ക് വേണ്ടി ഞാൻ തന്നെ ക്രിസ്തുവിനോട് വേറുവിട്ട് ശാപഗ്രന്ഥനാവാൻ ഞാൻ ആഗ്രഹിക്കാമായിരുന്നു" (റോമർ. 9:3).

ഇവിടെ വെളിപ്പെടുന്ന തത്വം ഒരു പ്രശ്നം നമ്മുടെ ഭാരമായി മാറുന്നു. നാം അവയെക്കുറിച്ച് സംസാരിക്കുന്നില്ല. എന്നാൽ ആ വിഷയവുമായി നാം ഇഴുകിച്ചേരുകയാണ്. ആ പ്രശ്നത്തിന്റെ ഒരു ഭാഗമായി മാറുകയാണ്. മാത്രമല്ല നമുക്കതിൽ ഒരു ഉത്തരവാദിത്വം ദൈവം ഏല്പിച്ചിരിക്കുന്നു എന്നു മനസ്സിലാക്കി ആ വിഷയം ഏറ്റെടുക്കുകയാണ് ചെയ്യുന്നത്. പർവ്വതത്തിന്റെ അടിവാരത്തിലുള്ള ജനം മുഴുവനും പാപം ചെയ്തു ദൈവത്തെ കോപിപ്പിച്ചിരിക്കുന്നു. അവർ എന്താണ് ചെയ്തത്. എന്ന് അവർ അറിഞ്ഞില്ല. എന്നാൽ മോശെ ആ ഭാരം ഏറ്റെടുക്കുകയാണ്. പാപം ചെയ്ത ജനത്തിന്റെ നായകത്വം വഹിക്കുകയാണ് ചെയ്യുന്നത്. അടുത്ത് സംഭവിക്കുന്നത് ചരിത്രത്തിൽ ക്രിസ്തീയ സഭയിൽ ഉണർവ്വുണ്ടായിട്ടുള്ള ഇടങ്ങളിലെല്ലാം സംഭവിച്ചിട്ടുള്ള കാര്യമാണ്. ഇവിടെ ഒരു മനുഷ്യൻ തന്റെ വ്യക്തിപരമായ ചുമതലയായി കരുതി, ആ സാഹചര്യത്തെക്കുറിച്ച് ഒട്ടും വിലപിക്കാതെ ആ ഭാരം ഏറ്റെടുക്കുകയാണ് ചെയ്യുന്നത്. അതാണ് മോശെ ചെയ്യുന്നത്. വളരെ ധൈര്യമായി ഒട്ടും ഭയം കൂടാതെ ദൈവം കൊടുത്ത ദൂത് ഇവിടെ പ്രഖ്യാപിക്കുകയാണ് (പുറ.33:5) മോശ ജനത്തോടു സംസാരിച്ചു, അനുതാപത്തിനായി വിളിച്ചു. അവർ ചെയ്യേണ്ടതായ സത്യം അവരെ കാണിച്ചു.

ചെയ്യാൻ പോകുന്ന കാര്യം സന്തോഷമുള്ള കാര്യമല്ല. നിശ്ചയമായും അത് വേദനാജനകമാണ്.

(ശേഷം 3-ാം പേജിൽ)

*കർത്താവിൽ പ്രിയരേ,*

*യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം. "കാൺമിൻ നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവു നമുക്കു എത്ര വലിയ സ്നേഹം നൽകിയിരിക്കുന്നു. അങ്ങനെ തന്നേ നാം ആകുന്നു. ലോകം അവനെ അറിഞ്ഞിട്ടില്ലായ്കകൊണ്ട് നമ്മെയും അറിയുന്നില്ല. പ്രിയമുള്ളവരേ നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു. നാം ഇന്നതു ആകും എന്നു ഇതുവരെ പ്രത്യക്ഷമായില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കും പോലെ തന്നേ കാണുന്നതാകകൊണ്ടു അവനോടു സദൃശൻമാർ ആകും എന്നു നാം അറിയുന്നു " (യെശ.43:13,18)*

*2017-ാം വർഷത്തിന്റെ ഏപ്രിൽ മാസം നമ്മെ വിട്ട് കടന്നുപോയി. മെയ് മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.*

*മരണത്തെ ജയിച്ച് സകലത്തിന്മേലും അധികാരം പ്രാപിച്ച ക്രിസ്തുവിൽ നാം ആയിരിക്കുന്നുവെങ്കിൽ ഈ ലോകത്തിലെ യാതൊന്നിനും നമ്മെ പരാജയപ്പെടുത്തുവാൻ കഴിയുകയില്ല. പിതാവിനെ പൂർണ്ണമായി അനുസരിക്കുമ്പോൾ മാത്രമേ കർത്താവ് നമുക്കായി ഒരുക്കുന്ന ഭവനത്തിൽ എത്തിച്ചേരുവാൻ സാദ്ധ്യമാകൂ. ക്രിസ്തീയ ജീവിതം ഒരു യുദ്ധക്കളമാണ്. എല്ലാവിധ ദുഷ്ടതകളോടും നാം പോരാടേണം.*

*ദാവീദ് പറയുന്നത് എന്റെ ബലം എന്റെ ശൈലം എന്റെ കോട്ട, എന്റെ രക്ഷകൻ, എന്റെ ദൈവം എന്റെ പാറ എന്റെ പരിച, എന്റെ കൊമ്പ്, എന്റെ ഗോപുരം അതായത് യഹോവ തനിക്ക് എല്ലാറ്റിലും എല്ലാമാണ്. യഹോവ ഒഴികെ തനിക്ക് ആരുമില്ല. തനിക്ക് ഒന്നുമില്ല. പിന്നെ ദൈവീദ് എങ്ങനെ ദൈവത്തെ സ്നേഹിക്കാതിരിക്കും. യഹോവ ദീവാദിന് കോട്ടയായിരുന്നു. ശത്രുക്കളുടെ ആക്രമണങ്ങൾക്കു മുമ്പിൽ കർത്താവ് കോട്ടയായി നിന്ന് സംരക്ഷിച്ച എത്രയോ സന്ദർഭങ്ങൾ ദാവീദിന് മാത്രമല്ല നമുക്കും കോട്ടയായി നിന്ന് സംരക്ഷിച്ച എത്രയോ സന്ദർഭങ്ങൾ. ഹൃദയത്തിന്റെ ആഴത്തിൽ നിന്നും നമുക്കു പറയാം കർത്താവേ ഞാൻ അങ്ങയെ സ്നേഹിക്കുന്നു. ലോകത്തിൽ ഒരു ശക്തിക്കും കർത്താവായ യേശുവുമായുള്ള നമ്മുടെ ബന്ധം നശിപ്പിക്കാൻ കഴിയാതിരിക്കട്ടെ.*

*മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ* ***A/c. No. 67342839891*** *സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ തിരുവനന്തപുരം എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.*

*എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.*

*എന്ന് ക്രിസ്തുവിൽ എളിയ സഹോദരി*

*ബിന്ദു.എം.*


# ആഗമനദൂതൻ

ബിന്ദു.എം

എഡിറ്റർ

Mob:**8589901702**

അഡ്വ.നോബിൾ

അസോസിയേറ്റ് എഡിറ്റർ

Mob: **9446590913, 9048677717**

കരിത്തലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,

തിരുവനന്തപുരം - 695032

Mob:8589901702

**E-mail:bindhum1971@yahoo.in**

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

(2-ാം പേജിന്റെ തുടർച്ച )

## ഉണർവ്വിലേക്കുള്ള വിശാല വീഥി

എന്നാൽ മോശെ യഥാർത്ഥ്യമാക്കുന്നത്, സഭയിൽ ദൈവം ഉപയോഗിക്കുന്ന ഏതൊരു വ്യക്തിയും ചെയ്യേണ്ടതായ കാര്യമാണ്. യിരെമ്യാവെ നോക്കുക. താൻ പറയുവാൻ ആഗ്രഹിച്ചതല്ല പറയുന്നത്. ഒന്നിലധികം പ്രാവ ശ്യം അങ്ങനെ ചെയ്യരുത് എന്ന് ചിന്തിച്ചു, എന്നാൽ താൻ നിസഹായകനാകുകയാണ്. ദൈവവചനം തന്റെ അസ്ഥികളിൽ തീ പോലെയായിരുന്നു, തനിക്ക് സംസാരിക്കേണ്ടി വന്നു (യിരെ. 20:9) സമയത്തെ യഥാർത്ഥമായി മനസിലാക്കുന്ന ഏതൊരു ഭക്തന്റെയും ഉത്തരവാദിത്വമാണ് സുതാര്യമായും വ്യക്തമായും സംസാരിക്ക എന്നുള്ളത് നാം ജനസമ്മതി നേടുവാൻ ആഗ്രഹിക്കുന്നു എങ്കിൽ അങ്ങനെ പറയാൻ സാദ്ധ്യമല്ല. എന്നാൽ യഥാർത്ഥമായി ദൈവത്തെ സേവിക്കുവാനാഗ്രഹിക്കുന്നു എങ്കിൽ നാം സത്യം സംസാരിക്കയും സഭയിലെ തെറ്റുകളും പാപങ്ങളും ഭയം കൂടാതെ ഓർമ്മപ്പെടുത്തേണ്ടതുമാണ്. അങ്ങനെ നാം ഒരു മദ്ധ്യസ്ഥനായി മാറും. അനുസരണം കെട്ട ജനത്തിനും ജീവനുള്ള ദൈവത്തിനും മദ്ധ്യേ ഒരു മദ്ധ്യസ്ഥനായിത്തീരും. ജനത്തിന്റെ ഏറ്റുപറച്ചിൽ ദൈവത്തോടു പറയും, ദൈവത്തിൽ നിന്നുള്ള ദൂത് ജനത്തിന് കൈമാറും, മോശെ കാണിക്കുന്ന അസാധാരണമായ ധൈര്യം അവിടെ വെളിപ്പെടുത്തും.

## നിർബ്ബന്ധിച്ചുണർത്തുന്ന പ്രാർത്ഥന

മോശെ യഹോവയോടു പറഞ്ഞതെന്തന്നാൽ: ഈ ജനത്തെ കൂട്ടിക്കൊണ്ടുപോക എന്ന് നീ എന്നോടു കല്പിച്ചുവല്ലോ; എങ്കിലും ആരെ എന്നോടുകൂടെ അയയ്ക്കും എന്ന് അറിയിച്ചു തന്നില്ല. എന്നാൽ ഞാൻ നിന്നെ അടുത്ത് അറിഞ്ഞിരിക്കുന്നു. എനിക്ക് നിന്നോടു കൃപ തോന്നിയിരിക്കുന്നു എന്ന് നീ അരുളിചെയ്തിട്ടുണ്ടല്ലോ. ആകയാൽ എന്നോടു കൃപയുണ്ടെങ്കിൽ നിന്റെ വഴി എന്നെ അറിയിക്കേണമേ; നിനക്ക് എന്നോട് കൃപയുണ്ടാകുവാൻ തക്കവണ്ണം ഞാൻ നിന്നെ അറിയുമാറാകട്ടെ. ഈ ജാതി നിന്റെ ജനം എന്ന് ഓർക്കേണമേ. അതിന് അവൻ എന്റെ സാന്നിദ്ധ്യം നിന്നോടുകൂടെ പോരും. ഞാൻ നിനക്ക് സ്വസ്ഥത നൽകും എന്ന് അരുളിചെയ്തു. അവൻ അവനോടു തിരുസാന്നിദ്ധ്യം എന്നോടുകൂടെ പോരുന്നില്ല എങ്കിൽ ഞങ്ങളെ ഇവിടെ നിന്നും പുറപ്പെടുവിക്കരുതേ. എന്നോടും നിന്റെ ജനത്തോടും കൃപയുണ്ടെന്നുള്ളത് ഏതിനാൽ അറിയും? നീ ഞങ്ങളോടുകൂടെ പോരുന്നതിനാലല്ലയോ? അങ്ങനെ ഞാനും നിന്റെ ജനവും ഭൂതലത്തിലുള്ള സകല ജാതികളിലും വച്ച് വിശേഷതയുള്ളവരായിരിക്കും എന്ന് പറഞ്ഞു. യഹോവ മോശയോട് നീ പറഞ്ഞ ഈ വാക്കുപോലെ ഞാൻ ചെയ്യും. എനിക്ക് നിന്നോട് കൃപ തോന്നിയിരിക്കുന്നു. ഞാൻ നിന്നെ അടുത്ത് അറിഞ്ഞുമിരിക്കുന്നു എന്ന് അരുളിചെയ്തു" (പുറ. 33:12-17).

ഇതാണ് അടുത്ത പ്രധാന പടി. ഒരുവിധത്തിൽ പറഞ്ഞാൽ ഇവിടെയാണ് യഥാർത്ഥവും അത്യാവശ്യവുമായ പ്രാർത്ഥന ആരംഭിക്കുന്നത്. മുമ്പും പ്രാർത്ഥന നടന്നിട്ടുണ്ട്. എന്നാൽ ഇവിടെ ഒരു അത്യാവശ്യത്തോടെയുള്ള ഒരു പ്രാർത്ഥന ഉണ്ടായിട്ടില്ല. മോശെ നിങ്ങൾ കാണുന്നത് കണക്കുകൂട്ടി നിൽക്കുന മോശെ. അവന്റെ ആവശ്യം വളരെയാണ്. തന്റെ ആവശ്യം കഴിഞ്ഞ കാലങ്ങളേക്കാളുപരിയാണ്. അതുകൊണ്ട് താൻ പ്രാർത്ഥിക്കയും കേണപേക്ഷിക്കയും മദ്ധ്യസ്ഥതയണയ്ക്കുകയും ചെയ്യുന്നു. നിങ്ങളുടെ വിശ്രമവേളകളിൽ പരിശോധിക്കുവാനും മനസിലാക്കുവാനുമായി ഈ പ്രാർത്ഥനയ്ക്ക് ഒരു വിശദീകരണം നൽകുവാനാഗ്രഹിക്കുന്നു.

ആദ്യമായി എന്തിനുവേണ്ടിയാണ് മോശെ പ്രാർത്ഥിച്ചത്? ഒന്നാമതായി വ്യക്തിപരമായി ഒരു ഉറപ്പിനുവേണ്ടിയാണ് പ്രാർത്ഥിച്ചത്. " ഞാൻ നിന്നെ അറിയുമാറാകട്ടെ (വാ.13). ദൈവത്തെക്കുറിച്ച അറിയുവാനല്ല ചോദിക്കുന്നത്. ദൈവത്തെ

(ശേഷം 8-ാം പേജിൽ)

## രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

| | |
|---|---|
| **അംഗീകരിക്കുക** | *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)* |
| **പശ്ചാത്തപിക്കുക** | *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)* |
| **ഏറ്റുപറയുക** | *നമ്മടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)* |
| **ഉപേക്ഷിക്കുക** | *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.* |
| **ശുദ്ധീകരിപ്പെടുക** | *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).* |
| **വിശ്വസിക്കുക** | *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:10)* |
| **സമർപ്പിക്കുക** | *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)* |
| **പ്രാപിച്ചെടുക്കുക** | *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)* |

(3-ാം പേജിന്റെ തുടർച്ച )

## ഉണർവ്വിലേക്കുള്ള വിശാല വീഥി

ക്കുറിച്ചുള്ള അറിവ് തനിക്കുണ്ട്. പർവ്വതത്തിൽ വച്ച് ദൈവത്തെ കണ്ടുമുട്ടിയിട്ടുണ്ട്. അറിയുക എന്നത് വളരെ ശക്തമായ പദമാണ്. മോശെ ആഗ്രഹിക്കുന്നത് വ്യക്തിപരമായ ഉറ്റബന്ധമാണ്. അങ്ങനെയാണ് പ്രാർത്ഥിക്കുന്നത്. ക്രിസ്തീയ ജീവിതത്തിലും ഇതാണ് ആവശ്യമായിരിക്കുന്നത്. ദൈവത്തെക്കുറിച്ചുള്ള അറിവല്ല. ദൈവത്തെ അറിയുക എന്ന വ്യക്തിപരമായ ബന്ധമാണത്.

രണ്ടാമതായി മോശെ പ്രാർത്ഥിക്കുന്നത് ദൈവശക്തിയ്ക്കു വേണ്ടിയാണ്. "തിരുസാന്നിദ്ധ്യം എന്നോടുകൂടെ പോരുന്നില്ല എങ്കിൽ ഞങ്ങളെ ഇവിടെ നിന്ന് പുറപ്പെടുവിയ്ക്കരുതേ (പുറ. 33:15). ഉത്തരവാദത്വം വലുതാണ്. താൻ അതിന് പോരാത്തവൻ എന്ന് മോശെ മനസിലാക്കുന്നു. തനിക്ക് തന്നിൽ തന്നെ ആശ്രയിക്കാൻ കഴിയില്ല. വിഷയത്തിന്റെ ഗൗരവവും തന്റെ ബലഹീനതയും മനസിലാക്കിക്കൊണ്ട് ദൈവത്തിന്റെ സാന്നിദ്ധ്യത്തിനും ശക്തിക്കുമായി പ്രാർത്ഥിക്കുന്നു. പ്രിയസഹോദരങ്ങളേ, ഇത് മറക്കരുത്. നാം ആചാരനിഷ്ടയുള്ളവരായിരിക്കേണം. അതിനുവേണ്ടി പോരാടേണം. ആചാരനിഷ്ഠകൊണ്ട് മാത്രമം വിജയം വരിക്കാൻ സാദ്ധ്യമല്ല. ദൈവത്തിന്റെ ശക്തിയും സത്യവും നമുക്കു വേണം. നമ്മുടെ പദവിയുടെ ആധികാരികത നമുക്ക് ആവശ്യമാണ്. അതിനുവേണ്ടിയാണ് മോശെ കേണപേക്ഷിക്കുന്നത്. ദൈവസാന്നിദ്ധ്യത്തെക്കാൾ കുറഞ്ഞതായി ഒന്നും താൻ ആഗ്രഹിക്കുന്നില്ല. അതിനു വേണ്ടിയാണ് താൻ പ്രാർത്ഥിക്കുന്നത്.

ആ സാന്നിദ്ധ്യം എന്ന അത്ഭുതകരമായ വഴിയിലേക്ക് എന്നെ കൊണ്ടുവരുന്നു. ഉറപ്പും ധൈര്യവുമുള്ള ഒരു മോശ. നിങ്ങൾ എപ്പോഴെങ്കിലും ഇങ്ങനെ ചിന്തിച്ചിട്ടുണ്ടോ? മോശെ ദൈവത്തോടു സംസാരിക്കുന്നതു ശ്രദ്ധിക്കുക. മോശെ ദൈവത്തോട് പറഞ്ഞത്, കാണുക... കാണുക! മോശെ ദൈവത്തോടു സംസാരിക്കുകയാണ്. ദൈവമേ ഞാൻ അങ്ങയെ വിശ്വസിക്കുന്നു. ദൈവം ഞങ്ങളുടെ പിതാവാണ്. ഞങ്ങൾ ദൈവഭയത്തോടും ബഹുമാനത്തോടും ആണ് കാര്യങ്ങൾ ചെയ്യേണ്ടത്. ഞങ്ങൾ ദൈവമക്കളാണ്. ആ വാക്കുകളിൽ ഒരു പ്രത്യേക ദൈവത്തിൽ ആശ്രയിച്ചുകൊണ്ടുള്ള ധൈര്യമുണ്ട്. മോശെ സംസാരിക്കുന്നത് "മോശെ യഹോവയോടു പറഞ്ഞതെന്തെന്നാൽ ഈ ജനത്തെ കൂട്ടിക്കൊണ്ടു പോക എന്ന് നീ എന്നോടു കല്പിച്ചുവല്ലോ. എങ്കിലും ആരെ എന്നോടുകൂടെ അയയ്ക്കും എന്ന് അറിയിച്ചു തന്നില്ല. എന്നാൽ ഞാൻ നിന്നെ അടുത്ത് അറിഞ്ഞിരിക്കുന്നു. എനിക്ക് നിന്നോടു കൃപ തോന്നിയിരിക്കുന്നു. എന്ന് നീ അരുളി ചെയ്തിട്ടുണ്ടല്ലോ. ആകയാൽ എന്നോടു കൃപയുണ്ടെങ്കിൽ നിന്റെ വഴി എന്നെ അറിയിക്കേണമേ നിനക്ക് എന്നോടു കൃപയുണ്ടാകുവാൻ തക്കവണ്ണം ഞാൻ നിന്നെ അറിയുമാറാകട്ടെ " (പുറ. 33:12,13). ഇത് ഒരു അപ്പന്റെ മുമ്പിൽ ഒരു കുട്ടിയുടെ സംസാരമാണ്. അപ്പൻ പറഞ്ഞ കാര്യത്തെ ഓർമ്മിപ്പിച്ചു സംസാരിക്കുകയാണ്; നീ അറിയുന്നില്ലേ ഇങ്ങനെ പറഞ്ഞു എന്ന്; പിന്നെ എന്തുകൊണ്ടാണത് ചെയ്യാഞ്ഞത്. ഇത് വളരെ പ്രധാനപ്പെട്ട പ്രാർത്ഥനയാണ്.

ആദിമ ഭക്തന്മാർ മോശെയുടെ ഈ പ്രാർത്ഥന പോലെയാണ് പ്രാർത്ഥിച്ചത്. ദൈവത്തിന്റെ വാഗ്ദത്തങ്ങളെ ഓർമ്മിപ്പിച്ചു പ്രാർത്ഥിച്ചിരുന്നു. അവർ തങ്ങളോടുള്ള ദൈവവചനങ്ങളെ അറിഞ്ഞിരുന്നു. അവരുടെ പ്രാർത്ഥനകളും വചനപ്രകാരമായിരുന്നു, അവർ വചനത്തെയും വാഗ്ദത്തങ്ങളെയും ഓർമ്മപ്പിച്ച് ഇങ്ങനെ പ്രാർത്ഥിക്കുമായിരുന്നു. ദൈവമേ നീ ഇത് എന്നോടു പറഞ്ഞതാണ്. അവർ ദൈവത്തോട് വാദി ച്ചു പ്രാർത്ഥിക്കുമായിരുന്നു. എങ്കിൽ അതുകൊണ്ട് എന്നീ പദങ്ങൾ ശ്രദ്ധേയമാണ്. ഇങ്ങനെയുള്ള പ്രാർത്ഥനയെക്കുറിച്ച് നമുക്കു അറിയാമോ? സഭ, അത് ആയിരിക്കുന്ന നിലയിൽ ഇത് അത്ഭുതകരമായ കാര്യമല്ല. ആദിമ ഭക്തന്മാർ പ്രാർത്ഥിച്ചതുപോലെ ദൈവത്തിന്റെ വാഗ്ദത്തങ്ങളെ ഓർമ്മിപ്പിച്ച് പ്രാർത്ഥിക്കുവാൻ പഠിക്കേണം. എങ്ങനെ പ്രാർത്ഥിക്കണം, എങ്ങനെ മദ്ധ്യസ്ഥതയ്ണക്കണം എങ്ങനെ അപേക്ഷിക്കണം. വാഗ്ദത്തങ്ങൾ ഒരു കയർപോലെയാണ്. അത് സ്വർഗ്ഗത്തോളം എത്തുന്നു. അവിടെ നിന്നും മറുപടി എത്തുന്നതുവരെയും ആ കയറിനെ വലിച്ചുകൊണ്ടേയിരിക്കുന്നു. ദൈവം ആ കയർ നമുക്ക് ഇട്ടു തരട്ടെ. ഉറപ്പായി അരുളി ചെയ്യപ്പെട്ട അനുഗ്രഹങ്ങൾ എത്തുന്നതുവരെയും ആ കയർ വലിച്ചു കൊണ്ടേയിരിക്കാം. അങ്ങനെയാണ് മോശെ പ്രാർത്ഥിക്കുന്നത്. ആ ധൈര്യം ആ ഉറപ്പ് ആ വാദം, ആ ചിട്ട അതാണ് യഥാർത്ഥ മദ്ധ്യസ്ഥത. ആത്മഭാരത്തോടെ ജനത്തിനു വേണ്ടി മദ്ധ്യസ്ഥയണക്കുന്ന ഒരു പ്രാർത്ഥന കാത്തിരിക്കാറില്ല. അവർ പ്രവർത്തിക്കുകയാണ്. അവർ ദൈവത്തോട് അപേക്ഷിക്കുകയാണ്. ആ പ്രാർത്ഥന കേട്ടിട്ട് ദൈവം പറയും, അതെ ഞാൻ നിങ്ങൾക്കു വേണ്ടി അത് ചെയ്യും.

**കർത്താവിന്റെ മഹത്വം കാണ്മാൻ വാഞ്ചിക്ക**

" അപ്പോൾ അവൻ, നിന്റെ തേജസ് എനിക്കു കാണിച്ചു തരണമേ എന്നപേക്ഷിച്ചു. അതിന് അവൻ ഞാൻ എന്റെ മഹിമയൊക്കെയും നിന്റെ മുമ്പാകെ കടക്കുമാറാക്കിയ യഹോവയുടെ നാമത്തെ നിന്റെ മുമ്പാകെ ഘോഷിക്കും. കൃപ ചെയ്‌വാൻ എനിക്കു മനസ്സുള്ളവനോടു ഞാൻ കൃപ ചെയ്യും; കരുണ കാണിപ്പാൻ എനിക്ക് മനസ്സുള്ളവോടു ഞാൻ കരുണ കാണിക്കും എന്നരുളിചെയ്തു. നിനക്ക് എന്റെ മുഖം കാണ്മാൻ കഴികയില്ല. ഒരു മനുഷ്യനു എന്നെ കണ്ട് ജീവനോടെയിരിക്കയില്ല എന്നും അവൻ കല്പിച്ചു. ഇതാ എന്റെ അടുക്കൽ ഒരു സ്ഥലമുണ്ട്. അവിടെ ആ പാറമേൽ നീ നില്ക്കേണം. എന്റെ തേജസ് കടന്നു പോകുമ്പോൾ ഞാൻ നിന്നെ പാറയുടെ ഒരു പിളർപ്പിൽ ആക്കി ഞാൻ കടന്നു പോകുവോളം എന്റെ കൈകൊണ്ട് നിന്നെ മറയ്ക്കും. പിന്നെ എന്റെ കൈ നീട്ടും നീ എന്റെ പിൻഭാഗം കാണും; എന്റെ മുഖമോ കാണാവതല്ല എന്നും യഹോവ അരുളി ചെയ്തു " (പുറ. 33:18-23).

ഇതാണ് ഉണർവ്വ്. എന്താണ് ഇത് അർത്ഥമാക്കുന്നത്; മോശെ രുചിച്ചറിഞ്ഞ കാര്യങ്ങളിൽ തൃപ്തനല്ല. താൻ

(ശേഷം 8-ാം പേജിൽ)

(1-ാം പേജിന്റെ തുടർച്ച )

## ദിവ്യ സന്ദർശനങ്ങൾ മനുഷ്യന്റെ ശ്രേഷ്ടകരമായ പ്രത്യാശ

71-ാം വാക്യത്തിൽ നാം വായിക്കുന്നത് തന്റെ ദാസനായ ദാവീദിന്റെ ഗൃഹത്തിൽ നമുക്ക് രക്ഷയുടെ കൊമ്പ് ഉയർത്തുകയും ചെയ്തിരിക്കുന്നത്... ഈ കൊമ്പ് കാണ്ടാമൃഗത്തിന്റെ കൊമ്പുപോലെ എന്ന് വ്യാഖ്യാനിക്കുന്നതാണെനിക്കിഷ്ടം. കാരണം കൊമ്പുള്ള അനേകം മൃഗങ്ങളുണ്ടെങ്കിലും ഒറ്റക്കൊമ്പുള്ള മൃഗം വേറെയില്ല. ഈ വേദഭാഗത്തിൽ കൊമ്പ് ഏകവചനത്തിലാണ്. നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവ് രക്ഷയുടെ കൊമ്പായിത്തീരുമ്പോൾ ലോകത്തിലെ മറ്റൊരു കൊമ്പിനും ഈ കൊമ്പിനോട് കിടപിടിയ്ക്കുവാൻ സാദ്ധ്യമല്ല. അവിടുന്ന് സകല തിന്മകളെയും ഇല്ലാതാക്കും. അവിടുന്ന് തിന്മകൾക്കെതിരെ യുദ്ധക്കളത്തിലാണ്. തന്റെ ലക്ഷ്യം നമ്മു ടെ പ്രധാന ശത്രുവാണ്. അവിടുന്ന് വിജയം ഉറപ്പാക്കിയവനാണ്. അവിടുന്ന് യാതൊരു സാഹചര്യങ്ങൾക്കും പരാജയപ്പെടുത്താൻ കഴിയാത്തവനാണ്, ദൈവം ഈ കൊമ്പിനെ നമ്മുടെ രക്ഷയ്ക്കായി ഉയർത്തിയിരിക്കുന്നു.

മശിഹ ഗർഭത്തിലായിരിക്കുന്നു. വീണ്ടെടുപ്പ് അതിന്റെ വഴിയിലാണ്. സെഖര്യാവ് വീണ്ടെടുപ്പിനെക്കുറിച്ച് സംസാരിക്കുമ്പോൾ, ഒരുക്കപ്പെട്ട രക്ഷയെ കൈമാറാനുള്ള ശ്രമത്തിലാണ് അദ്ദേഹം. നാം സ്വതന്ത്രരാക്കപ്പെട്ടു. നാം ഇനി സാത്താന്റെ നിയന്ത്രണത്തിലല്ല. നാം അവന്റെ ബന്ധനത്തിലല്ല. നാം അവന്റെ വരുതിയിലല്ല. അ വൻ നമുക്കു മീതെയല്ല.

ഈ വേദഭാഗത്തിൽ ഓർത്ത് എന്ന പദം പ്രത്യേകം ശ്രദ്ധേയമാണ്. 75-ാം വാക്യത്തിൽ അവൻ നമ്മുടെ പിതാവായ അബ്രഹാമിനോട് ചെയ്ത സത്യവും തന്റെ വിശുദ്ധനിയമവും ഓർത്തതുകൊണ്ട് ആകുന്നു. ഈ വേദഭാഗം വായിക്കുമ്പോൾ ചില സന്ദർഭങ്ങളിൽ ദൈവം നമ്മെ മറന്നു കളയുന്നു എന്ന് തോന്നും. എന്നാൽ നിശബ്ദതയുടെ 400 വർഷങ്ങൾ കടന്നുപോയി എങ്കി ലും വീണ്ടെടുപ്പിന്റെ പദ്ധതിയായി യേശുകർത്താവിനെക്കുറിച്ചുള്ള വാഗ്ദത്തം ദൈവം മറന്നില്ല. 12 പേരിൽ ഒരാൾ എന്ന നിലയിൽ ഉണർവ്വിനെ സംബന്ധിച്ച ഭാരം നൽകപ്പെട്ടിരിക്കുന്നു എങ്കിലും കൂടെകൂടെ എന്റെ ജീവകാലം മുഴുവൻ എന്നെ ഓർമ്മപ്പെടുത്തികൊണ്ടിരിക്കയില്ല എന്ന് എന്നെത്തന്നെ എനിക്ക് ഓർമ്മപ്പെടുത്താനുണ്ട്. തുടർച്ചയായി അത് എന്നെ നിർബ്ബന്ധിക്കുന്നില്ല എന്നതുകൊണ്ട് അത് എന്റെ ദർശനത്തെ ഉപേക്ഷിക്കുവാനുള്ള ഒഴികഴിവല്ല. എന്റെ ദർശനത്തെയും വിളിയെയും ഉപേക്ഷിച്ചിട്ട് വിശ്രമം കൊള്ളുവാനുള്ള സമയവുമല്ല. ഈ ആഴ്ചയിൽ ദൈവം എന്നെ സന്ദർശിക്കും എന്ന പ്രത്യാശയിലാണ് ഞാൻ ജീവിക്കുന്നത്. അവിടുന്ന് നമ്മുടെ രക്ഷയുടെ കൊമ്പ് എന്ന നിലയിൽ ഉയരത്തിൽ നിന്നും ഒരു സൂര്യോദയം ഉണ്ട് എന്ന നിലയിലും വിശ്വസ്തരായി പ്രത്യാശയോടെ കർത്താവിന്റെ വേലയിൽ ഉത്സാഹമറ്റവനായിരിക്കുവാൻ ഞാൻ ബാദ്ധ്യസ്ഥനാണ്.

ആളുകൾ എന്നോട് ചോദിക്കാറുണ്ട്. സഹോദരാ റോബർട്ടേ ഈ നിലയിൽ എത്ര നാൾ നിങ്ങൾ പ്രസംഗിക്കും? "നിങ്ങൾ തളർ ന്നുപോകില്ലോ? എങ്ങ നെ ഞാൻ തളരാനാണ്? ഉണർവ്വിന്റെ വേല മറ്റൊരാളിന് കൈമാറ്റുവാനല്ല ഞാൻ വിളിക്കപ്പെട്ടത്. ദൈവജനത്തോട് ചേർന്ന് നിന്നുകൊണ്ട് ദൈവത്തോടു കരയുവാനും അനുതപിച്ചു മടങ്ങി വരേണ്ടതിനുമാണ് ഞാൻ വിളിക്കപ്പെട്ടത്. വലിയ കൂട്ടമായി ഒരുണർവ്വ് ഉണ്ടായില്ലെങ്കിലും ചില വ്യക്തികളായി കേട്ട് പ്രതികരിക്കുവാൻ ഇടയായിട്ടുണ്ട്. ഞാൻ നിങ്ങളോട് കേണപേക്ഷിക്കുന്നത് ഒരിക്കൽ ദൈവത്തിലാശ്രയിച്ച് ദൈവജനത്തോട് ചേർന്ന് അനുസരിച്ച് പൂർണ്ണ ഹൃദയത്തോടെ ഏറ്റെടുത്ത ഈ ദൗത്യം കർത്താവു വരുവോളം ഒരിക്കലും തള്ളിക്കളയരുത്.

69-71 വരെ വാക്യങ്ങളിൽ വായിക്കുന്നത്: ആദിമുതൽ തന്റെ വിശുദ്ധ പ്രവാചകന്മാർ മുഖാന്തരം അരുളിചെയ്തതുപോലെ നമ്മുടെ ശത്രുക്കളുടെ വശത്തുനിന്നും നമ്മെ പകെയ്ക്കുന്ന ഏവരുടെയും കയ്യിൽ നിന്നും നമ്മെ രക്ഷിപ്പാൻ തന്റെ ദാസനായ ദാവീദിന്റെ ഗൃഹത്തിൽ നമുക്ക് രക്ഷയുടെ കൊമ്പ് ഉയർത്തുകയും ചെയ്തിരിക്കുന്നത്..........

രക്ഷയുടെ കൊമ്പിനും ഉയരത്തിൽ നിന്നുള്ള സൂര്യോദയത്തിനും തന്റെ ജനവുമായി ഒരു ഉടമ്പടിയുണ്ട് ആ ഉടമ്പടി ഒരിക്കലും തകർക്കപ്പെടുവാൻ പാടില്ല. " നമ്മുടെ പിതാക്കന്മാരോട് കരുണ പ്രവർത്തിക്കേണ്ടതിനും നമ്മുടെ ശത്രുക്കളുടെ കയ്യിൽ നിന്നും രക്ഷിക്കപ്പെട്ട് നാം ആ.യുഷ്ക്കാലമൊക്കെയും ഭയം കൂടാതെ തിരുമുമ്പിൽ വിശുദ്ധിയിലും നീതിയിലും തന്നെ ആരാധിപ്പാൻ നമുക്ക് കൃപ നൽകുമെന്ന് അവൻ നമ്മുടെ പിതാവായ അബ്രഹാമിനോടു ചെയ്ത സത്യവും തന്റെ വിശുദ്ധനിയമവും ഓർത്തുകൊണ്ടും ആകുന്നു" (ലൂക്കൊ. 1:72-75)..

പ്രവചനം ഭാഗികമായി നിറവേറി. എന്നാൽ യിസ്രായേൽ അവർക്കുള്ള വാഗ്ദത്തത്തിന്റെ നിറവിൽ വന്നിട്ടില്ല. യിസ്രായേൽ വാഗ്ദത്ത നിറവു പ്രാപിക്കുന്നതിനു മുമ്പ് ജാതീയ സഭ അതിനെക്കുറിച്ച് ദൈവത്തിനുള്ള സകല അനുഗ്രഹങ്ങളും അതിന്റെ നിറവുകളും അത് പ്രാപിക്കണം (റോമർ. 11:11). ആ കാഴ്ച തള്ളിക്കയരുത്. ചരിത്രത്തിലൊരിടത്തും ആ വാഗ്ദത്തം നിറവേറിയതായി കാണുന്നില്ല.

യഹൂദന്മാർ മിക്കവരും യേശുവിൽ വിശ്വസിക്കുന്നില്ല. തങ്ങളെ സ്നേഹിക്കുന്ന കർത്താവിനെ വിശ്വസിക്കുവാൻ അവർക്കു കഴിയുന്നുമില്ല. ഇന്നത്തെ സാഹചര്യത്തിൽ ഒരു യഥാർത്ഥ യഹൂദൻ സഭയുമായുള്ള ബന്ധത്തിൽ ചേർന്നു വരുവാനുള്ള സാദ്ധ്യതകളും കുറവാണ്. എന്നാൽ എനിക്കു മനസ്സിലാക്കാൻ കഴിയുന്ന കാര്യം, ദൈവത്തിന്റെ വാഗ്ദത്തപ്രകാരം ലോകത്തെമ്പാടുമുള്ള ജാതീയ സഭ ഒരു ഉണർവ്വു പ്രാപിക്കും. ഏറ്റവും അനുഗ്രഹിക്കപ്പെട്ടകാര്യം എന്നത്, നാം സ്നേഹിക്കയും സേവിക്കയും ചെയ്യുന്ന സഭ യിസ്രായേലിനെ പ്രകോപിപ്പിക്കതക്കവണ്ണം ഇങ്ങനെ പറയും. ആദിയും അന്ത്യവുമായ മശിഹാ ഞങ്ങൾക്കുള്ളതാണ്. തന്റെ വാഗ്ദത്തങ്ങൾ ഞങ്ങൾക്കുണ്ട്. അത് ഞങ്ങൾ പ്രാപിക്കും.

സഭ ഒരു വലിയ മാറ്റത്തിന് തയ്യാറെടുക്കുന്നു. ഉണർവ്വിന്റെ കാരണങ്ങളെക്കുറിച്ച് നാം ചിന്തിക്കു

(ശേഷം 6-ാംപേജിൽ)

( 5-ാം പേജിന്റെ തുടർച്ച)

## ദിവ്യ സന്ദർശനങ്ങൾ മനുഷ്യന്റെ ശ്രേഷ്ടകരമായ പ്രത്യാശ

മ്പോൾ അത് നമ്മെ സന്തോഷിപ്പിക്കും. സഭ ഒരു പുതിയ രൂപവും ഭാവവും പ്രാപിക്കും. അത് അന്ത്യ കാലത്ത് ഒരു പുതിയ ഉണർവ്വ് സഭ പ്രാപിക്കും. എന്നാൽ നാം വിശ്വസിക്കുന്ന മശിഹായെ വിശ്വസിക്കുവാൻ യഹൂദനും നിർബ്ബന്ധിതനാകും. ചരിത്രത്തിൽ ഒരിക്കലും ഉണ്ടായിട്ടില്ലാത്ത നിലയിലുള്ള ഒരു ഉണർവ്വ് അന്നുണ്ടാകും. ദൈവത്തിന്റെ ഉടമ്പടി ഉറപ്പായിരിക്കും. നാം അത് പ്രാപിക്കും. അബ്രഹാമിലൂടെയും തന്റെ പുത്രനായ ക്രിസ്തുവിലൂടെയും വ്യക്തമായ വാഗ്ദത്തപ്രകാരം സകല ജാതികളും അനുഗ്രഹിക്കപ്പെടും. ദൈവകൃപയാൽ അത് സംഭവിക്കാൻ പോകയാണ്. അർഹതയില്ലാത്ത ആ പദവിക്ക് ദൈവകൃപയാൽ നാം പാത്രീഭൂതരാണ് എന്നത് എത്ര അനുഗ്രഹം!

നീതിയെക്കുറിച്ചും വിശുദ്ധിയെക്കുറിച്ചുള്ള ഒരു കാഴ്ചപ്പാടും ഇവിടെ കാണാം. " നാം ആയുഷ്ക്കാലം ഒക്കെയും തിരുമുമ്പിൽ വിശുദ്ധിയിലും നീതിയിലും തന്നെ ആരാധിപ്പാൻ നമുക്ക് കൃപ നൽകുമെന്നു " (ലൂക്കൊ. 1:74). ആളുകൾ പലപ്പോഴും പറയാറുള്ളത്. എങ്ങനെയാണ് അത് പറയാൻ കഴിയുക. അതിനുള്ള മറുപടി ഇതാണ്. എങ്ങനെയാണ് സത്യം പറയാതിരിക്കുന്നത്. നമ്മിൽ ചിലർ ജയിൽവാസമോ, പീഢയോ, അനുഭവിക്കുന്നവരായിരിക്കാം. എങ്കിലും സഭ നീതിക്കും വിശുദ്ധിക്കും വേണ്ടി ധൈര്യത്തോടെ മുന്നോട്ടു പോകുന്നു.

### ഉയരത്തിൽ നിന്നുള്ള സൂര്യോദയം

76-ാം വാക്യത്തിലേയ്ക്ക് വരുമ്പോൾ, സെഖര്യാവിന്റെ സന്തോഷം, കുട്ടിയുടെ നിയോഗത്തിലൂന്നികൊണ്ട് തയ്യാറാക്കപ്പെട്ട ഒരു അനുഗ്രഹവാചകത്തിലൂടെ പറയുന്നത്, " നീയോ പൈതലേ, അത്യുന്നതന്റെ പ്രവാചകൻ എന്ന് വിളിക്കപ്പെടും. കർത്താവിന്റെ വഴി ഒരുക്കുവാനും നമ്മുടെ ദൈവത്തിന്റെ ആർദ്ര കരുണയാൽ അവന്റെ ജനത്തിന് പാപമോചനത്തിൽ രക്ഷാ പരിജ്ഞാനം കൊടുപ്പാനുമായി നീ അവനു മുമ്പായി നടക്കും. ഇരുളിലും മരണ നിഴലിലും ഇരിക്കുന്നവർക്ക് പ്രകാശിച്ചു; നമ്മുടെ കാലുകളെ സമാധാനമാർഗ്ഗത്തിൽ നടത്തേണ്ടതിന് ആ ആർദ്ര കരുണയാൽ ഉയരത്തിൽ നിന്ന് ഉദയം നമ്മെ സന്ദർശിച്ചിരിക്കുന്നു " (ലൂക്കൊ. 1:76-79).

ഉയരത്തിൽ നിന്നുള്ള സൂര്യോദയം നമ്മെ സന്ദർശിക്കുന്ന എന്ന വസ്തുത നാം ശ്രദ്ധിച്ചിട്ടുണ്ടോ? രക്ഷയുടെ കൊമ്പിന് നമ്മുടെ ശത്രുവുമായി ഇടപെടലുണ്ട്. ജീവിക്കുന്ന ദൈവത്തിന്റെ ദാസന്മാർ അവന്റെമേൽ ജയമെടുക്കും. എന്നാൽ ഇത് ഒരു ഇരുണ്ടകാലമാണ്. ഉയരത്തിൽ നിന്നുള്ള സൂര്യോദയം നമ്മെ സന്ദർശിക്കുമ്പോൾ എല്ലാം ഒരു വ്യത്യസ്തമായ കാഴ്ചപ്പാടു പ്രാപിക്കും. ഇപ്പോൾ സ്ഥീ കാര്യം എന്നു തോന്നുന്നത് ചീത്തയായികാണും. രക്ഷയുടെ കൊമ്പും ഉയരത്തിലെ സൂര്യോദയവും ഒരു ദിവസം നമ്മെ സന്ദർശിക്കും.

### ദൈവം സന്ദർശിക്കുമ്പോൾ

ദൈവം സന്ദർശിക്കുമ്പോൾ 7 കാര്യങ്ങൾ നടക്കും. രക്ഷയുടെ കൊമ്പും ഉയരത്തിൽ നിന്നുള്ള സൂര്യോദയവും വരുമ്പോൾ അത് നമ്മുടെ വ്യക്തിജീവിതത്തിലും സാമൂഹ്യ ജീവിതത്തിലും ഈ 7 കാര്യങ്ങൾ സ്വാധീനം ചെലുത്തും.

**1. ഒരു ഉൾക്കാഴ്ചയുണ്ടാകുന്നു.:-** എവിടെയൊക്കെ ദിവ്യസന്ദർശനം ഉണ്ടായിട്ടുണ്ടോ, അവിടെയെല്ലാം ഈ ഉൾക്കാഴ്ച ദർശനം ഉണ്ടായിട്ടുണ്ട്. ഇന്ന് കാര്യങ്ങൾ ചുറ്റുമുള്ള കാര്യങ്ങളിലേയ്ക്കാണ് കൂടുതൽ ശ്രദ്ധയുള്ളത്. തന്നിലേയ്ക്കു തന്നെ തിരിഞ്ഞു നോക്കാൻ പലപ്പോഴും കഴിയാറില്ല. ഞാൻ ജനത്തെ അഭിസംബോധന ചെയ്യുമ്പോൾ ഇങ്ങനെ പറയാറുണ്ട്. ഒരു ചെടിയിൽ ഫലം എങ്ങനെയുണ്ടാകുന്നു എന്ന് പഠിക്കണം. ചെടിയുടെ വേര് വളരെ പ്രധാനപ്പെട്ടതാണ്. ഒരു വസ്തുതയുടെ മൂല കാരണമാണ് നാം കണ്ടുപിടിക്കേണ്ടത്. ഉയരത്തിലെ സൂര്യോദയം വരുമ്പോൾ അത് അകകണ്ണുകളെ പ്രകാശിപ്പിക്കും. സത്യത്തിന്റെ പരിജ്ഞാനം തരുന്നതുകൊണ്ട് യാഥാർത്ഥ്യങ്ങളെ ഗ്രഹിക്കുവാൻ അത് സഹായിക്കും.

പരീശന്മാരുടെ ചിന്താഗതികൾ വ്യത്യസ്തമാണ്. അവർ പുറമേയുള്ളതിനെ ചിന്തിക്കുന്നു. ഭൗതികമായതിനെ ചിന്തിക്കുന്നു. കാഴ്ചയ്ക്ക് എല്ലാം ഭംഗിയായിരിക്കണം. എന്നാൽ പരിണതഫലങ്ങളെക്കുറിച്ച് ബോധവാന്മാരല്ല. ദൈവം ചിന്തിക്കുന്നതുപോലെ നമുക്ക് ചിന്തിക്കാൻ സാദ്ധ്യമല്ല എന്ന് അവർ കരുതുന്നു. സഭയും ധാരാളം സമയവും ഊർജ്ജവും പണവും ചെലവഴിക്കുന്നു. ഭൗതികമായ നേട്ടമല്ലാതെ മറ്റൊന്നും അവരും ചിന്തിക്കുന്നില്ല.

ഉയരത്തിലെ സംഗതികൾ ആകെ വ്യത്യാസപ്പെടുന്നു. നാം ഓരോരുത്തരും നമ്മോടു തന്നെ ചോദിക്കേണ്ടതാണ്. എന്റെ ചിന്തയും നോട്ടവും എപ്രകാരമായിരിക്കുന്നു? ഞാൻ സംസാരിക്കുന്ന ദൂത് യഥാർത്ഥത്തിൽ ദൈവവചനമാണോ? ഞാൻ സംസാരിക്കുന്നത് ദൈവത്തിന്റെ ഹൃദയത്തിൽ നിന്നും എന്റെ ഹൃദയത്തിലൂടെ നിങ്ങളുടെ ഹൃദയത്തോടാണോ അതോ താല്ക്കാലിക സന്തോഷത്തിനോ ഒരു രസത്തിനുവേണ്ടിയോ സംസാരിക്കയാണോ?

തുടർമാനമായ ഒരു യോഗത്തിൽ ഞാൻ ദൈവവചനം സംസാരിക്കുമ്പോൾ മനുഷ്യന്റെ സ്വന്തം തെരഞ്ഞെടുപ്പിനെപ്പറ്റി സംസാരിക്കയായിരുന്നു. എന്റെ ഹൃദയത്തിന് ഭാരമുണ്ടായിട്ട് എന്റെ ശ്രദ്ധ മലാഖിയുടെ പുസ്തകത്തിലേയ്ക്ക് തിരിഞ്ഞു. വളരെ സമയം പ്രാർത്ഥനയിൽ ഞാൻ ചെലവഴിച്ചു. മലാഖിയുടെ പുസ്തകത്തിലുടെ ദൈവത്തിന് എന്നെക്കുറിച്ചുള്ള ചിന്ത എന്റെ ശ്രദ്ധയിൽപ്പെട്ടു. ഞാൻ നിങ്ങളോടു ചോദിക്കുന്നത്, നിങ്ങൾ യഥാർത്ഥമായി ദൈവത്തിന്റെ ചിന്തയ്ക്കും പദ്ധതിക്കും കീഴിലാണോ? നമുക്ക് ദൈവത്തിന്റെ ചിന്താഗതിയെ നിസാരമായി ഒഴിവാക്കാൻ കഴിയും. എന്നാൽ ദൈവവചനപഠനത്തിലൂടെയും ദൈവത്തിലുള്ള ആശ്രയത്താലും ദൈവത്തിന്റെ ഹൃദയത്തെ അറിഞ്ഞ് അതിനെ മനുഷ്യരുടെ ഹൃദയങ്ങളിലേക്ക് പകർന്നുകൊടുക്കയത്രേ ഓരോ സഭയും ഓരോ ശുശ്രൂഷകനും ചെയ്യേണ്ടത്.

**2. വിശുദ്ധി:-** ദിവ്യസന്ദർശനം മുഖാന്തരം അവിശ്വസനീയമാം വിധം വെളിപ്പെടുന്ന രണ്ടാമത്തെ കാര്യം വിശുദ്ധിയാണ്. ദൈവത്തിന്റെ നീതിയുടെ വഴിയിൽ നിന്നും വിശുദ്ധിയെ

(ശേഷം 7-ാം പേജിൽ)

(6-ാം പേജിന്റെ തുടർച്ച )

## ദിവ്യ സന്ദർശനങ്ങൾ മനുഷ്യന്റെ ശ്രേഷ്ടകരമായ പ്രത്യാശ

അടർത്തിമാറ്റുവാൻ എങ്ങനെയാണ് കഴിയുക? വിശുദ്ധി കൂടാതെ ക്രിസ്തുവിന്റെ നീതി ഒരുവന്റെ ജീവിതത്തിൽ എങ്ങനെയാണ് വെളിപ്പെടുന്നത്? ലോകമയത്വത്തിൽ ജീവിക്കുന്ന നാമധേയ ക്രിസ്ത്യാനിയെ ക്രിസ്ത്യാനി എന്ന് എങ്ങനെയാണ് വിളിക്കാൻ കഴിയുക? നാം വിശ്വസിക്കുന്ന യഥാർത്ഥ വിശുദ്ധിയും ഏകാഗ്രതയും ദൈവത്തിന്റെ സന്ദർശനത്താൽ മാത്രമേ നടക്കു I b ƀ pÅ q. “ ഞാൻ വിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും വിശുദ്ധരായിരിപ്പിൻ” .

ഞാൻ നിങ്ങളേട് താഴ്മയായി അഭ്യർത്ഥിക്കുന്നത്, വിശുദ്ധി എന്ന വിഷയത്തെ വളരെ ഗൗരവമായി തന്നെ എടുക്കേണ്ടതാണ്. ദൈവത്തിന്റെ സന്ദർശനം വരുമ്പോൾ വിശുദ്ധി അത്യാവശ്യമായിരിക്കുന്നവരിലൊക്കെയും അതു അത്ഭുതകരമായി പ്രവർത്തിക്കുന്നു. തിരുവചനത്തിൽ നാം നോക്കുമ്പോൾ അനുതപിച്ച് ദൈവത്തോട് നിലവിളിക്കുന്ന തന്റെ ഭക്തന്മാരോടുള്ള ദൈവത്തിന്റെ ഇടപെടൽ അത്ഭുതാവഹമാണ്. ദൈവത്തിന്റെ സന്ദർശനമുണ്ടായപ്പോൾ യെശയ്യാ പ്രവാചകൻ നിലവിളിക്കുന്നത് “അപ്പോൾ ഞാൻ എനിക്ക് അയ്യോ കഷ്ടം; ഞാൻ നശിച്ചു; ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളോരു മനുഷ്യൻ; ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള ജനത്തിന്റെ നടുവിൽ വസിക്കുന്നു. എന്റെ കണ്ണ് സൈന്യങ്ങളുടെ യഹോവയായ രാജാവിനെ കണ്ടുവല്ലോ എന്നു പറഞ്ഞു ” (യെശ. 6:5). രക്ഷയുടെ കൊമ്പ് പാപത്തോടുള്ള നമ്മുടെ സ്നേഹത്തെ ഹൃദയത്തിൽ നിന്നും നീക്കുന്നു. ഉയരത്തിൽ നിന്നുള്ള സൂര്യോദയത്താലാണത് വെളിച്ചത്തിലേയ്ക്ക് വരുന്നത്. അത് പാപത്തിന്റെ സകല കളങ്കത്തേയും വെളിച്ചത്തിലേയ്ക്ക് കൊണ്ടു വരുന്നു. നമ്മെ അത് അനുതാപത്തിലേക്ക് നടത്തുന്നു. ദൈവകൃപ നമ്മിൽ പകരപ്പെടുന്നു.

**3. പാപബോധം ഉണ്ടാകുന്നു:-** പാപബോധം വിശുദ്ധിയുടെ പ്രമാണവുമായി ബന്ധപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ സന്ദർശനത്താലാണ് പാപബോധം ഉണ്ടാകുന്നത്. 51-ാം സങ്കീർത്തനത്തിൽ ദാവീദിന്റെ സങ്കീർ ത്തനത്തിൽ h mb n¡ p¶ X v “നിന്നോടു തന്നെ ഞാൻ പാപം ചെയ്തു; നിനക്ക് അനിഷ്ടമായത് ഞാൻ ചെയ്തിരിക്കുന്നു. സംസാരിക്കുമ്പോൾ നീ നീതിമാനായും വിധിക്കുമ്പോൾ നിർമ്മലനായും ഇരിക്കേണ്ടതിന് തന്നേ ” . നാം പാപം ചെയ്യുവാൻ കാരണം ദൈ വം പാപത്തെ വെറുക്കുന്നു എന്ന കാര്യത്തെ ഓർക്കുന്നതിൽ നാം പരാജയപ്പെട്ടതുകൊണ്ടാണ്.

ഒരു നിമിഷം ദാവീദുമായി സംസാരിച്ചാൽ: ദാവീദേ, നീ പാപം ചെയ്തത് ബത്സേസബയോടാണ്. ബത്സേബയോട് പാപം ചെയ്തപ്പോൾ നീ നിന്റെ കുടുംബത്തോട് പാപം ചെയ്തു. ബത്സേബയുടെ ഭർത്താവിനെ കൊല്ലുവാൻ പദ്ധതിയിട്ടതിനാൽ അവനോടു പാപം ചെയ്തു, നിന്നെ രാജാവാക്കി വച്ച രാജ്യത്തോടു നീ പാപം ചെയ്തു, നീ പാപം ചെയ്തപ്പോൾ നിന്റെ ശരീരത്തോടാണാ പാപം ചെയ്തത്. പിന്നെ എങ്ങനെയാണ് നീ പറയുന്നത്, ദൈവമേ, നിന്നോട് മാത്രം ഞാൻ പാപം ചെയ്തു. നിനക്ക് അനിഷ്ടമായത് ഞാൻ ചെയ്തിരിക്കുന്നു എന്ന് പറയാൻ കഴിയുക?

നാം പലപ്പോഴും മറക്കുന്ന കാര്യങ്ങൾ ദാവീദ് ഇവിടെ ഏറ്റുപറയുന്നത്. അതായത് മനുഷ്യൻ ചെയ്യുന്ന ഏതു പാപവും ദൈവത്തോടാണ് ചെയ്യുന്നത്. ആ സത്യം പലപ്പോഴും നാം മറന്നു പോകാറുണ്ട്. എന്നാൽ ദൈവം നമ്മെ സന്ദർശിക്കുമ്പോൾ വളരെ വ്യക്തമായി നുക്കു വെളിപ്പെടും. എല്ലാ പാപവും നാം ദൈവത്തോടാണ് ചെയ്യുന്നതെന്ന്.

മറ്റൊരു കാര്യം എല്ലാ പാപവും ദൈവത്തിന്റെ സൃഷ്ടികൾക്കും എതിരെയാണ് എന്നതാണ്. പൗലൊസ് സ്ഥാപിക്കുന്നത് ആദാം പാപം ചെയ്തപ്പോൾ അത് സകല സൃഷ്ടികളെയും ബാധിക്കുവാനിടയായി. അങ്ങനെ മുഴുസൃഷ്ടിയും വേദനയോടെ ഞരങ്ങികാത്തിരിക്കുന്നു. ആദാ മിന്റെ പാപം സൃഷ്ടിയുടെ സകല പദ്ധതികളെയും ബാധിക്കുവാനിടയായി. സകല വൃക്ഷങ്ങളും, പാറകളും, നദികളും കുന്നുകളും നീതിയുടെ പുനഃസ് ഥാപനത്തിനു വേണ്ടി ഹൃദയമുരുകി പ്രാർത്ഥിക്കുന്നു. അവയെല്ലാം കർത്താവിനെ സ്തുതിക്കയും ചെയ്യുന്നു. എല്ലാ പാപവും ദൈവത്തിനെതിരെയാണ്. ആ സത്യം നമ്മുടെ ഹൃദയങ്ങളിൽ ഏറ്റെടുക്കേണ്ടതാണ്. ദൈവത്തിന്റെ സന്ദർശനം എപ്പോ ഴും പാപബോധം ഉണ്ടാക്കുന്നു.

**4.അനുതാപം :-** നാലാമതായി ദൈവത്തിന്റെ സന്ദർശനം അനുതാപത്തിലേയ്ക്ക് നയിക്കുന്നു. നാം ജീവിക്കുന്ന ഈ കാലഘട്ടത്തിലെ ആളുകൾ ആ പദം പോലും ഓർക്കുന്നില്ല എന്നതാണ് സത്യം. എന്നാൽ ദൈവം നമ്മുടെ അടുത്തേയ്ക്ക് വരുമ്പോൾ ആ സാമീപ്യം നമ്മെ അനുതാപത്തിലേക്ക് നടത്തുന്നു. നാം നിത്യമായ നാശത്തിന്റെ വക്കിലാണെന്നും അതിൽ നിന്നും ആർക്കും നമ്മെ വിടുവിപ്പാൻ സാദ്ധ്യമല്ലെന്നും അത് നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. ഒരു ദിവസം ഉയരത്തിൽ നിന്നുള്ള സൂര്യോദയം നമ്മെ സന്ദർശിച്ചു. ദൈവത്തിന്റെ ജനം അനുതാപതതിലേക്ക് നയിക്കപ്പെടും. അതു വേഗത്തിൽ സംഭവിക്കട്ടെ.

**5. പരിശുദ്ധാത്മാവിന്റെ നേതൃത്വം:-** പരിശുദ്ധാത്മാവാണ് നമ്മെ മാനസാന്തരത്തിലേക്ക് നയിക്കുന്നത്. ഇവിടെ യോഹന്നാൻ സ്നാപകന്റെ വാക്കുകൾ പ്രത്യേകം ശ്രദ്ധേയമാണ്. “ഞാൻ നിങ്ങളെ മാനസാന്തരത്തിനായി വെള്ളത്തിൽ സ്നാനം ഏൽപിക്കുന്നതേയുള്ളൂ. എന്റെ പിന്നാലെ വരുന്നവനോ എന്നേക്കാൾ ബലവാനാകുന്നു......... അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനം ഏൽപിക്കും ”(മത്താ. 3:11). തീ കൊണ്ടുള്ള സ്നാനം ശുദ്ധീകരണത്തെ കാണിക്കുന്നു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ദൈവത്താൽ ഉപയോഗിക്കപ്പെട്ട ദൈവദാസനാണ് ആർമിൻഗസ്വയിൻ. സ്കാന്റിനേവിയൻ പ്രദേശങ്ങളിൽ ശക്തമായി അദ്ദേഹം ജ്വലിച്ചു പ്രകാശിച്ചു. മരിക്കുന്നതിന് മുമ്പ് അനുഗ്രഹിക്കപ്പെട്ട ശുശ്രൂഷ അദ്ദേഹം പൂർത്തിയാക്കി.

വളരെ ദർശനത്തോടും കാഴ്ചപ്പാടോടും കൂടെ വേല പൂർത്തിയാക്കി. ഉയരത്തിലെ സൂര്യോദയം നമ്മെ സന്ദർശിക്കുമ്പോൾ പരിശുദ്ധാത്മാവ് നയിക്കുന്ന ദൈവ

(ശേഷം 8-ാം പേജിൽ)

(7-ാം പേജിന്റെ തുടർച്ച )

## ദിവ്യ സന്ദർശനങ്ങൾ മനുഷ്യന്റെ ശ്രേഷ്ടകരമായ പ്രത്യാശ

ശക്തിയും വിശുദ്ധിയും നിയോഗവും തിരിച്ചറിയും. പരിശുദ്ധാത്മാവ് തന്റെ പ്രവർത്തി നമ്മിൽ പൂർത്തിയാക്കും.

**6. നിർമ്മല സ്നേഹം:-** ഈ ദൈവം സന്ദർശനങ്ങൾ യഥാർത്ഥ സ്നേഹത്തിലേക്ക് നമ്മെ നടത്തുന്നു. ഒരു പെൺകുട്ടി എന്നോട് ഇപ്രകാരം പറഞ്ഞു. ഒരു ഉണർവ്വ് സഭയിലുണ്ടാകുമ്പോൾ സഭ ചെയ്യുന്നത് പ്രാർത്ഥിക്കുകയാണ്. എന്താണിതിന്റെ കാരണം ഞാൻ പറഞ്ഞത് യഥാർത്ഥ സ്നേഹം വെളിപ്പെടുമ്പോൾ സ്നേഹിക്കുന്ന ആളോടു കൂടെ ആയിരിപ്പാൻ എപ്പോഴും ഇഷ്ടപ്പെടുന്നു. ഒരു ത്യാഗവും വലിയകാര്യമല്ല. ഈ ദിവ്യസന്ദർശനം ഉയരത്തിൽ നിന്നും വരുമ്പോൾ അവിടെ സ്നേഹമുണ്ടാകുന്നു, സ്നേഹത്തിൽ നമ്മെ മുക്കുന്നു. ദൈവസ്നേഹം വരുമ്പോൾ നാം മറ്റുള്ളവരെ സ്നേഹിക്കുന്നു. അത് നഷ്ടപ്പെട്ടവരെ സ്നേഹിപ്പാൻ ഇടയാക്കുന്നു.

**7. പ്രവർത്തനത്തിലേയ്ക്കുള്ള ധ്യാനം:-** ഉയരത്തിലെ സൂര്യോദയം വരുമ്പോൾ അത് നമ്മെ ഒരു പ്രവർത്തിക്കുന്ന ധ്യാനത്തിലേയ്ക്ക് നടത്തുന്നു. പിന്നെ ജീവനില്ലാത്ത പ്രവർത്തനമല്ല, പിന്നെയോ ദൈവത്തിന്റെ ദാനം ദൈവത്തിൽ നിന്നും വാങ്ങി ലോകത്തിന് കൊടുക്കുന്ന ആ വലിയ പ്രവൃത്തിയിൽ നാം മുഴുകും. പരിശുദ്ധാത്മാവിനാൽ നാം അഭിഷേകം ചെയ്യപ്പെട്ട് ശക്തമായി ഉപയോഗിക്കപ്പെടുന്നു. എബ്രായർ. 6-ാം അദ്ധ്യായത്തിൽ നിർജ്ജീവ പ്രവൃത്തികളിൽ നിന്നുളള മാനസാന്തരത്തെ കാണാം. അത് അടിസ്ഥാനഉപദേശങ്ങളുടെ ഒരു പട്ടികയാണ്. സഭ പലപ്പോഴും നിർജ്ജീവപ്രവൃത്തികളിൽ വീണുപോകയാണ്.

ഉയരത്തിൽ നിന്നുള്ള സന്ദർശനം നാം ചെയ്യുന്ന പ്രവൃത്തികൾക്ക് ജീവൻ പകരുന്നു. നാം ചരിത്ര സംഭവങ്ങളിലേക്ക് തിരിഞ്ഞു നോക്കിയാൽ ദൈവത്തിന്റെ സന്ദർശനങ്ങൾ സഭയിലും സമൂഹത്തിലും വലിയ മാറ്റങ്ങൾ വരുത്തുകയും ആളുകൾ ഏകാഗ്രതയോടെ ദൈവത്തിങ്കലേയ്ക്ക് തിരി.യുകയും ദൈവവികമായി ചിന്തിക്കുകയും പ്രവർത്തനങ്ങളിൽ ഉത്സാഹമുള്ളവരായിത്തീരുകയും അത് സഭയിലും ദേശത്തും അനുഗ്രഹമായിത്തീരുകയും ചെയ്തിട്ടുണ്ട്.

ഇപ്പോൾ നമുക്ക് അപ്രകാരം ഒരു സന്ദർശനം ആവശ്യമായിരിക്കുന്നു. അത് ആവശ്യം എന്ന് നാം അറിയുന്നു. അതുകൊണ്ട് ഇങ്ങനെ പ്രാർത്ഥിക്കാം.

പിതാവേ, ഇന്ന് ഞങ്ങൾക്കേറ്റം ആവശ്യമായിരിക്കുന്നത് അവിടുത്തെ സന്ദർശനമാണ്. അവിടുന്ന് ഞങ്ങളുടെ അടുക്കൽ വരേണമേ. സഭയിൽ അങ്ങയുടെ സാന്നിദ്ധ്യത്തിൽ നടക്കുവാനും അങ്ങയുടെ ഇഷ്ടം ചെയ്യുവാനും ഞങ്ങളെ സഹായിക്കേണമേ. യേശുവിൻ നാമത്തിൽ തന്നെ ആമേൻ. ❖

(4-ാം പേജിന്റെ തുടർച്ച )

## ഉണർവ്വിലേക്കുള്ള വിശാല വീഥി

കൂടുതൽ ാഗ്രഹിക്കുകയാണ്. നിന്റെ മഹത്വം എനിക്ക് കാണിച്ചു തരേണമേ. താൻ ദൈവത്തേയും തന്റെ മഹത്വത്തെയും കാണുവാൻ ആഗ്രഹിക്കുന്നു. എന്നാൽ ഇവിടെ മോശെ വളരെ മുന്നോട്ട് ചിന്തിക്കുന്നു. എന്നാൽ അത് സാദ്ധ്യമല്ല എന്ന് ദൈവം പറയുന്നു. ശാരീരികമായ കണ്ണുകൾകൊണ്ട് ദൈവത്തെ കാണാൻ സാദ്ധ്യമല്ല എന്ന് ദൈവം അരുളിച്ചെയ്യുന്നു. തർസോസുകാരനായ ശൗൽ മഹത്വീകരിക്കപ്പെട്ട ക്രിസ്തുവിന്റെ ഒരു ചെറിയ ദർശനം പ്രാപിച്ചപ്പോൾ തന്റെ കണ്ണുകൾ ഇരുണ്ടു പോയി. മോശെ ദൈവത്തോടപേക്ഷിക്കുമ്പോൾ ദൈവം അതിനെ പൂർണ്ണമായി തള്ളിക്കളയുന്നില്ല. ദൈവം അരുളിചെയ്യുന്നത് നിനക്ക് എന്റെ മുഖം കാണുവാൻ സാദ്ധ്യമല്ല. എന്താണ് ഞാൻ ചെയ്യാൻ പോകുന്നത് എന്ന് ഞാൻ നിന്നോട് പറയും. ഞാൻ നിനക്ക് ഒരു മറുപടി തരും. അത് നിനക്ക് മതിയായതായിരിക്കും. ഞാൻ ഒരു ചെറിയ ദർശനം നിനക്ക് തരും. ഒരു ഭാഗികമായ കാഴ്ച. ദൈവം മോശയെ ഒരു പാറയിലേക്ക് കൊണ്ടുപോയിട്ട് ആ പാറമേൽ നില്ക്കാൻ പറഞ്ഞു. ഞാൻ കടന്നു പോകുമ്പോൾ നിന്നെ പാറയുടെ വിള്ളലിലാക്കിയിട്ട് ഞാൻ എന്റെ കൈകൊണ്ട് നിന്റെ മുഖം മറയ്ക്കും എന്നരുളിചെയ്തു. എന്നാൽ ദൈവം കടന്നുപോകുമ്പോൾ കൈമുഖത്തുനിന്നും നീക്കും. അങ്ങനെ ദൈവം അരുളിചെയ്യുന്നു. നീ എന്റെ പിൻഭാഗം കാണും എന്റെ മുഖമോ നിനക്ക് കാണാവതല്ല.

എന്താണ് ഉണർവ്വ്! നിത്യനായ ദൈവത്തിന്റെ മഹത്വത്തിന്റെ ഒരു ചെറിയ പ്രദർശനമാണത്. നമ്മെ കാത്തിരിക്കുന്ന നിത്യനായ ദൈവത്തിന്റെ ഒരു ചെറിയ ദർശനം. അങ്ങനെ ദൈവം നമ്മോടു സംസാരിക്കും. എനിക്ക് കൃപ കാണിപ്പാൻ മനസ്സുള്ളവനോട് ഞാൻ കൃപ കാണിക്കും. കരുണ കാണിപ്പാൻ എനിക്ക് മനസ്സുള്ളവനു ഞാൻ കരുണ കാണിക്കും."

### ദൈവത്തെ അന്വേഷിക്കുവാനുള്ള ഒരു വിളി

എന്റെ പ്രിയ സഹോദരങ്ങളെ, സമയത്തെക്കുറിച്ചുള്ള ഭാരം നിങ്ങൾക്കുണ്ടോ? സഭയുടെ അവസ്ഥയെക്കുറിച്ച് നിങ്ങൾ ദുഃഖിച്ചിട്ടുണ്ടോ? അതിനുവേണ്ടി എന്തെങ്കിലും നിങ്ങൾ ചെയ്യുന്നുണ്ടോ? ഈ കാര്യങ്ങളെക്കുറിച്ച് ഭാരമുള്ള, സഭയെക്കുറിച്ചും ക്രിസ്തുവിനെക്കുറിച്ചും ദൈവത്തിന്റെ നാമത്തിന്റെ മഹത്വത്തെക്കുറിച്ചും ചിന്തിക്കുന്നവരെ കണ്ടുപിടിച്ച് കൂട്ടിച്ചേർക്കുവാൻ ദൈവം നമ്മെ വിളിക്കുന്നു. കൂടിവരൂ. കർത്താവിന്റെ മുഖം അന്വേഷിക്കൂ. സംഘടനകളുടെ അതിരുകൾ വിട്ട് ഒരുമിച്ച് കൂടി, ദൈവവചനം പഠിക്കൂ. ദൈവജനം ദൈ വത്തെ അന്വേഷിക്കുന്നു, അവർ അവന്റെ മുഖം അന്വേഷിക്കുന്നു. അവനായി കാത്തിരിക്കൂ. അവിടുത്തെ മറുപടിക്കായി കാത്തിരിക്കാം. എല്ലാറ്റിലുമുപരി അവിടുത്തെ മഹത്വത്തിന്റെ ദർശനത്തെ അന്വേഷിക്കാം. അവിടുന്ന് പറയുന്നത് ചെയ്യൂ, അവിടുന്ന് നിങ്ങളെ സന്ദർശിക്കും, നിങ്ങൾ ആഗ്രഹിക്കുന്ന ഒരു ആഗ്രഹം നിങ്ങൾക്കു തരും. നിങ്ങൾ ദൈവത്താൽ ഉപയോഗിക്കപ്പെട്ടിട്ട് ഈ സത്യത്തിന്റെ പരിജ്ഞാനത്തിലേക്ക് നിങ്ങൾ അനേകരെ നടത്തും. ദൈവം നമ്മെ ഉയർത്തട്ടെ. ദൈവത്തെ അറിയുവാനും ദൈവത്തിന്റെ മഹത്വം കാണുവാനുമുള്ള മോശെയുടെ ആഗ്രഹം ദൈവം നമുക്ക് നൽകട്ടെ. ❖

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975